Voochika - 3157/2019

**ഇൻഫർമേഷൻ കേരള മിഷൻ**
**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**
**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം – 695 003**

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**
**സാന്നിദ്ധ്യം- ഡോ. ചിത്ര എസ് ഐ എ എസ്**
**സംഗ്രഹം**

ഇൻഫർമേഷൻ കേരള മിഷൻ - ഓഫീസ് പ്രവൃത്തി സമയം-പുന;ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**നം.107/ഇ 1/2019/ഐ.കെ.എം** 22.10.2019

സൂചന:- 17.08.2019 ലെ റൂൾസ്-2/90/2019/ഉ.പ.ഭ.വ നമ്പർ സർക്കാർ പരിപത്രം

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിലെ സമയക്രമത്തിൽ വ്യക്തത വരുത്തി മേൽ സൂചനപ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടറിയേറ്റിലും തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ നഗരപരിധിയിലുള്ള സർക്കാർ ഓഫീസുകളിലും പ്രവൃത്തി സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയായിരിക്കുന്നതാണ് എന്നും, എല്ലാ സർക്കാർ ഓഫീസുകളിലും ഉച്ചഭക്ഷണത്തിനുള്ള ഇടവേള 1.15 മുതൽ 2 വരെയായിരിക്കുമെന്നും പ്രസ്തുത പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇൻഫർമേഷൻ കേരള മിഷൻ ഓഫീസിന്റെ പ്രവൃത്തി സമയം 01.11.2019 മുതൽ രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയായിരിക്കുന്നതാണ്. കൂടാതെ, ഉച്ചഭക്ഷണത്തിനുള്ള ഇടവേള 1.15 മുതൽ 2 വരെയായിരിക്കുമെന്നും നിർദ്ദേശം പുറപ്പെടുവിക്കുന്നു. മേൽപ്പറഞ്ഞ നിർദ്ദേശം എല്ലാ ജീവനക്കാരും കൃത്യമായി പാലിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജീവനക്കാർക്കും

പകർപ്പ്

അക്കൗണ്ട്സ് വിഭാഗം
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ
ഗ്രൂപ്പ് ഡയറക്ടറുടെ സി എ
നോട്ടീസ് ബോർഡ്
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

24/10/19